പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142 12.06.2019 ൽമറുപടിയ്ക്ക്

## കോൺട്രാക്ട് ക്യാരേജ് പെർമിറ്റുള്ള ബസ്സുകൾ

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, സണ്ണി ജോസഫ്<br>,, പി.ടി. തോമസ് | | മറുപടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന കോൺട്രാക്ട് ക്യാരേജ് പെർമിറ്റുള്ള ബസ്സുകളിൽ ചരക്കുകൾ അനധികൃതമായി കടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് കേസുകൾ ഈ വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും പിഴ ഈടാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം 262 കേസുകൾ കണ്ടെത്തുകയും 8.49.000/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവ്വീസുകളിൽ വേഗപരിധി നിയന്ത്രണം, ജി.പി.എസ്. സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവ ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ; | (ബി) | നിലവിൽ 01/04/2019 മുതൽ സംസ്ഥാനത്ത് എല്ലാ പൊതു യാത്രാ വാഹനങ്ങൾക്കും വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം (VLTD) നിർബന്ധമാക്കിയിട്ടുണ്ട് ആയതിനാൽ, കോൺട്രാക്ട് കാര്യേജ് വാഹനങ്ങളും ഇതിന്റെ പരിധിയിൽ ഉൾപ്പെടുന്നു. അതോടൊപ്പം വേഗ പരിധി നിയന്ത്രണ സംവിധാനവും മേൽപ്പറഞ്ഞ വാഹനത്തിൽ നിർബന്ധമാക്കിയിട്ടുണ്ട്. വാഹനങ്ങളുടെ പരിശോധന സമയങ്ങളിലും, ഫിറ്റ്നസ് ടെസ്റ്റ് സമയങ്ങളിലും ഇക്കാര്യങ്ങൾ ഉറപ്പ് വരുത്തുകയും ചെയ്യുവരുന്നു. |
| (സി) | ഇത്തരം സർവ്വീസുകൾ യാത്രക്കാരിൽ നിന്നും അമിത നിരക്ക് ഈടാക്കുന്നതിനാൽ നിരക്ക് ഏകീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കുമോ? | (സി) | നിരക്ക് ഏകീകരണം പഠിച്ച് റിപ്പോർട്ട് നൽകാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ